ത്യസംവിധാനത്തിൽ, നിർണായകങ്ങളായ വോട്ടുബാങ്കുകൾ കൈയടക്കിയിട്ടുള്ള ന്യൂനപക്ഷങ്ങളെ പ്രീണിപ്പിക്കുന്നതിനായി അസംഘടിതമായ ഭൂരിപക്ഷത്തിന്റെ അവകാശങ്ങൾ ബലികഴിക്കപ്പെടുകയാണെന്ന ധാരണ, ഭൂരിപക്ഷത്തിന്റെ ഉള്ളിന്റെയുള്ളിൽ വേരൂന്നി വളർന്നിട്ടുണ്ട്. സംഘടിച്ചു തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി പൊരുതണമെന്ന ബോധം ഹിന്ദുഭൂരിപക്ഷത്തിൽ, മെല്ലെയെങ്കിലും ദൃഢമായി, ഉളവായിവരികയാണ്. വിശ്വഹിന്ദു പരിഷത്തിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ ആണ്ടിൽ 'ഹിന്ദു ഏകാത്മതായജ്ഞം' എന്ന പേരിൽ സംഘടിപ്പിക്കപ്പെട്ട രഥയാത്രകൾക്ക് ഇന്ത്യയിൽ നെടുകെ ലഭിച്ച ആവേശപൂർണമായ സ്വീകരണം തെളിയിക്കുന്നതു് ഇതാണ്.

മതനിരപേക്ഷതയുടെ അടിസ്ഥാനത്തിൽ രൂപംകൊണ്ടതാണ് ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനം. പക്ഷേ, സ്വാതന്ത്ര്യാനന്തരവർഷങ്ങളിൽ, ജനാധിപത്യപ്രക്രിയയിലെ പ്രായോഗിക–അനിവാര്യതകൾ മൂലമാവാം, ന്യൂനപക്ഷസാമുദായികവാദം ഇന്ത്യയിൽ പ്രോത്സാഹിപ്പിക്കപ്പെട്ടു. സ്വാഭാവികമായും ഇതു മുമ്പുതന്നെ അഗണ്യമല്ലാതിരുന്ന ഭൂരിപക്ഷ സാമുദായികവാദത്തെ ശക്തിപ്പെടുത്തുന്നതിനു കാരണമായി. ഖണ്ഡിതമായ തീരുമാനമെടുക്കാതെ, പ്രശ്നങ്ങൾ നീട്ടിക്കൊണ്ടുപോകുന്ന നമ്മുടെ പാരമ്പര്യമാകട്ടെ പുണ്ണിൽ കൊള്ളിവയ്ക്കുകയും ചെയ്തു.

രാമജന്മഭൂമി വിമോചനപ്രസ്ഥാനം നാൾതോറും കൂടുതൽ കരുത്താർജിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. നമ്മുടെ മതനിരപേക്ഷ ജനാധിപത്യത്തെ ഈ പ്രസ്ഥാനം എങ്ങനെയെല്ലാം വിരൂപപ്പെടുത്തുമെന്നു കാത്തിരുന്നു കാണേണ്ടിയിരിക്കുന്നു. അടുത്തുവരുന്ന തെരഞ്ഞെടുപ്പിൽ, ഉത്തർപ്രദേശിലെ ഹിന്ദുക്കളുടെ (മുസ്ലിങ്ങളുടേയും) വോട്ടുകൾ എങ്ങനെ നൽകപ്പെടുന്നു എന്നു തീരുമാനിക്കുക, ഒരുപക്ഷേ, ഈ പ്രക്ഷോഭണമാവാം.

(18 നവംബർ, 1984)

# 47. രാമജന്മഭൂമിയെപ്പറ്റി വീണ്ടും

അയോദ്ധ്യയിലെ രാമജന്മഭൂമി, മഥുരയിലെ കൃഷ്ണജന്മഭൂമി, കാശിയിലെ ആദിമ വിശ്വനാഥക്ഷേത്രം എന്നിവ ഹിന്ദുക്കൾക്ക് ആരാധനയ്ക്കായി കഴിയുംവേഗം തുറന്നുകൊടുക്കണമെന്ന് കർണാടക സംസ്ഥാനത്തിലെ ഷിമോഗയിൽവെച്ച് മാർച്ച് 23-ാം തീയതി നടത്തിയ ഒരു പത്രസമ്മേളനത്തിൽ സ്വാമി ചിന്മയാനന്ദജി കേന്ദ്രഗവണ്മെന്റിനോട് അഭ്യർത്ഥിക്കുകയുണ്ടായി. ഇവയിൽ രാമജന്മഭൂമി ഇപ്പോൾ മുസ്ലിങ്ങളുടെ കൈവശമാണ്. ഈ സ്ഥലത്തിനുമേലുള്ള തങ്ങളുടെ അവകാശം ഔദാര്യപൂർവം ഹിന്ദുക്കൾക്കു വിട്ടുകൊടുക്കണമെന്ന് ഇന്ത്യയിലെ മുസ്ലിങ്ങളോട് സ്വാമിജി അപേക്ഷിച്ചു. കാരണം, മുസ്ലിങ്ങൾക്ക് മെക്കയും മദീനയുംപോലെ പാവനമാണ് ഹിന്ദുക്കൾക്ക് അയോദ്ധ്യ.

രാമജന്മഭൂമി ഹിന്ദുക്കൾക്കു തുറന്നുകൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് രണ്ടുകോടി ജനങ്ങൾ ഒപ്പിട്ട ഒരു നിവേദനം കേന്ദ്രഗവണ്മെന്റിനു സമർപ്പിച്ചിട്ടുണ്ടെന്ന് സ്വാമി ചിന്മയാനന്ദജി പറഞ്ഞു. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ഇക്കഴിഞ്ഞ നവംബറിൽ അയോദ്ധ്യയിൽനിന്ന് ലഖ്നൗവിലേക്ക് ഹിന്ദുക്കൾ നടത്തിയ പദ(രഥ)യാത്രയിൽ രണ്ടു ലക്ഷം ആളുകൾ പങ്കെടുത്തിരുന്നു. പഞ്ചാബിലേയും അസമിലെയും

പ്രശ്നങ്ങൾ അലട്ടുന്ന കേന്ദ്രഗവണ്മെൻറിനു സാവകാശം കൊടുക്കാനാണ് ഹിന്ദുക്കൾ രാമജന്മഭൂമിയുടെ വിമോചനത്തിനുള്ള പ്രക്ഷോഭണം ഇപ്പോൾ നിർത്തിവെച്ചിരിക്കുന്നതെന്നും, ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടതിനു ശേഷവും രാമജന്മഭൂമിയിൽ ഇന്നത്തെ നില തുടരുകയാണെങ്കിൽ, അതിൻെറ വിമോചനത്തിനുള്ള പ്രസ്ഥാനം വീണ്ടും ഊർജിതമായി ആരംഭിക്കുമെന്നും സ്വാമിജി പ്രസ്താവിച്ചു.

രാമജന്മഭൂമിയുടെ വിമോചനത്തിന്നായി ഏഴുദിവസം നീണ്ടുനിൽക്കുന്ന ഒരു സത്യാഗ്രഹപരിപാടി മംഗലാപുരത്ത് മാർച്ച് 23-ാം തീയതി വിശ്വഹിന്ദു പരിഷത്ത് ആരംഭിക്കുകയുണ്ടായി. ഈ പ്രക്ഷോഭണം ക്രമത്തിൽ മററു പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുവാനാണു വിശ്വഹിന്ദു പരിഷത്ത് ഉദ്ദേശിക്കുന്നത്.

ഉത്തർപ്രദേശിലെ അയോദ്ധ്യാനഗരത്തിലാണ് ശ്രീരാമൻ പിറന്നത് എന്നത്രേ ഹിന്ദുക്കളുടെ വിശ്വാസം. ശ്രീരാമൻ പിറന്ന കൊട്ടാരം നിന്നിരുന്ന സ്ഥലത്ത്, ക്രിസ്തുവർഷാരംഭത്തിനുമുമ്പ് ഉജ്ജയിനി തലസ്ഥാനമാക്കി ഭാരതം ഭരിച്ചിരുന്ന വിക്രമാദിത്യ ചക്രവർത്തി ഒരു ക്ഷേത്രം നിർമിച്ചുവത്രേ. ക്രിസ്തുവർഷം 1528-ൽ മുഗൾരാജവംശസ്ഥാപകനായ ബാബർ ഈ ക്ഷേത്രം തകർക്കുകയും, അതിൻെറ സ്ഥാനത്ത്, അതിൻെറ കല്ലുകൾ ഉപയോഗിച്ച്, ഒരു മുസ്ളിംപള്ളി പണിയുകയുംചെയ്തു. 'ബാബറീ മസ്ജിദ്' എന്നറിയപ്പെട്ടിരുന്ന ഈ പള്ളി പിടിച്ചെടുക്കാൻ ഹിന്ദുക്കൾ നിരന്തരമായി ശ്രമിച്ചുവന്നു. കലഹം ഒഴിവാക്കാൻവേണ്ടി, ബാബറിൻെറ പൗത്രനായ അക്ബർ, 'ബാബ്റീമസ്ജിദി'നു പുറത്ത് ഒരു തറ കെട്ടി അതിൽ ശ്രീരാമവിഗ്രഹം പ്രതിഷ്ഠിച്ചു പൂജിച്ചുകൊള്ളുവാൻ ഹിന്ദുക്കൾക്ക് അനുവാദം നൽകി.

എങ്കിലും പ്രശ്നം ഇതുകൊണ്ടു പരിഹരിക്കപ്പെട്ടില്ല. രാമജന്മഭൂമിയുടെ വിമോചനത്തിന് ആയുധമുപയോഗിച്ചും നിയമക്കോടതികൾ മുഖേനയുമുള്ള സമരം ബ്രിട്ടീഷ് ഭരണകാലത്ത് ഹിന്ദുക്കൾ തുടർന്നു നടത്തി.

ഇന്ത്യ സ്വാതന്ത്ര്യം നേടിയതിനുശേഷം, 1949 ഡിസംബർ 23-ാം തീയതി 'ബാബറീമസ്ജിദി'നുള്ളിൽ ഒരു ശ്രീരാമവിഗ്രഹം കാണപ്പെട്ടു. അതു സ്വയംഭൂവായി അവിടെ പ്രത്യക്ഷപ്പെട്ടതാണെന്നു പ്രചരിപ്പിക്കപ്പെട്ടു; പൂജയ്ക്കും കീർത്തനാലാപത്തിനുമായി ഹിന്ദുക്കൾ കൂട്ടംകൂട്ടമായി അങ്ങോട്ടു പ്രവഹിക്കുകയുംചെയ്തു. സമാധാനലംഘനം ഭയന്നു് ഉത്തർപ്രദേശ് ഗവണ്മെൻറ് തർക്കവിഷയമായ സ്ഥലം കൈവശപ്പെടുത്തി, അതിൻെറ ഭരണത്തിന് ഒരു റസീവറെ നിയമിച്ചു. ഏറെ താമസിയാതെ ഒരു മുൻസിഫ്, മസ്ജിദിനകത്തു കടന്നു പൂജ നടത്താൻ ഒരു ഹിന്ദുപുരോഹിതനു് അനുവാദം നൽകി. മററാർക്കും അങ്ങോട്ടു പ്രവേശിച്ചുകൂടെന്നതാണ് ഇന്നത്തെ നില. സ്ഥലത്തിൻെറ ഉടമ സംബന്ധിച്ച കേസ്, ഹിന്ദുക്കൾക്കും മുസ്ലിങ്ങൾക്കുമിടയിൽ, മുപ്പത്തഞ്ചു വഷങ്ങളായി നടന്നുകൊണ്ടിരിക്കുകയാണ്.

വിശ്വഹിന്ദുപരിഷത്ത് എന്ന മതസംഘടനയുടെ നേതൃത്വത്തിൽ ഒരു 'ധർമസ്ഥല രക്ഷാസമിതി' 1983 മാർച്ച്മാസത്തിൽ രൂപവൽക്കരിക്കപ്പെട്ടു. രാമജന്മഭൂമിയുടെ വിമോചനത്തിനുള്ള പ്രക്ഷോഭണത്തിനു നേതൃത്വം നൽകുന്നതു് ഈ സമിതിയാണ്.

ശ്രീരാമൻ യഥാർത്ഥത്തിൽ ഒരു ചരിത്രപുരുഷനായിരുന്നുവോ? അദ്ദേഹം പിറന്ന അയോദ്ധ്യ ഉത്തർപ്രദേശിലുള്ള ഇപ്പോഴത്തെ അയോദ്ധ്യതന്നെയാണോ? ഇക്കാര്യത്തിൽ ചരിത്രപണ്ഡിതന്മാർക്കിടയിൽ യോജിച്ച ഒരഭിപ്രായം ഇനിയും ഉണ്ടായിട്ടില്ല.

ശ്രീരാമനെപ്പററി ഏററവും പ്രാചീനവും ഏററവും ആധികാരികവുമായ ഗ്രന്ഥം സംസ്കൃതഭാഷയിൽ വാല്മീകി രചിച്ച രാമായണമാണ്. അയോദ്ധ്യ, ശൃംഗിവേരപുരം, കിഷ്കിന്ധ, ലങ്ക മുതലായ നഗരങ്ങളെപ്പററി വിശദങ്ങളായ വർണ്ണനകൾ വാല്മീകിരാമായണത്തിലുണ്ട്. രാമായണകഥയ്ക്ക് ചരിത്രപരമായ അടിസ്ഥാനമുണ്ടെങ്കിൽ, ഈ നഗരങ്ങൾ നിന്നിരുന്ന പ്രദേശങ്ങളിലെ മണ്ണിനടിയിൽ സിന്ധുനദീതീരത്തിലെ മഹൻജദരോ, ഹരപ്പ മുതലായ സ്ഥലങ്ങളിലെന്നപോലെ പ്രാചീനാവശിഷ്ടങ്ങളുടെ സമ്പന്നമായ ഒരു സമുച്ചയം ഒളിഞ്ഞുകിടപ്പുണ്ടായിരിക്കണം.

രാമായണപ്രദേശങ്ങളിൽ ഉൽഖനനം നടത്തുന്നതിനുള്ള ഒരു പരിപാടി ഏതാണ്ട് പത്തു വർഷം മുമ്പ് ഇന്ത്യയിലെ ആർക്കിയോളജിക്കൽ സർവേ വകുപ്പുകാർ ആരംഭിച്ചു. അതിനുമുമ്പുതന്നെ മഹാഭാരതവുമായി ബന്ധപ്പെട്ട ഹസ്തിനാപുരം, വാരണാവതം (പാണ്ഡവരെ ചുട്ടുപൊട്ടിക്കാൻ ദുര്യോധനൻ പണിയിച്ച അരക്കില്ലം ഇവിടെ ആയിരുന്നു.) വിരാടനഗരം, കുരുക്ഷേത്രം മുതലായ സ്ഥലങ്ങളിൽ ആർക്കിയോളജിക്കൽ സർവേക്കാർ പരീക്ഷണാർത്ഥം ഉൽഖനനങ്ങൾ നടത്തിയിരുന്നു. ചിത്രങ്ങൾ വരച്ച, നരച്ച നിറത്തിലുള്ള, മൺപാത്രങ്ങളുടെ കഷണങ്ങൾ ഈ സ്ഥലങ്ങളിൽനിന്നെല്ലാം കിട്ടിയതു്, ഏകരൂപമായ ഒരു സംസ്കാരം ഒരുകാലത്ത് ഇവിടെയെല്ലാം നിലനിന്നിരുന്നുവെന്നതിനു തെളിവാണ്. ഈ സംസ്കാരത്തിൻെറ പ്രാതിനിധ്യം വഹിച്ച പ്രാചീന ജനങ്ങൾ ഇഷ്ടികകൊണ്ടു കെട്ടിടങ്ങൾ നിർമ്മിച്ചിരുന്നില്ല; പകരം മണ്ണുകൊണ്ടോ, മണ്ണു തേച്ച ചൂരൽത്തട്ടികൾകൊണ്ടോ, ഉണ്ടാക്കിയവയായിരുന്നു അവരുടെ ഗൃഹഭിത്തികൾ. കൃഷിയും കാലിവളർത്തലുമായിരുന്നു അവരുടെ പ്രധാന ജീവനോപായം. ഇരുമ്പുകൊണ്ടും ചെമ്പുകൊണ്ടുമുള്ള ആയുധങ്ങളും ഗൃഹോപകരണങ്ങളും അവർ ഉപയോഗിച്ചുവന്നു. അവരുടെ സ്ത്രീകൾ കൈകളിൽ കുപ്പിവളകൾ ധരിച്ചിരുന്നു. നാഗരികരെന്നതിനേക്കാൾ കൂടുതൽ ഗ്രാമീണരായിരുന്നു ഈ ജനങ്ങൾ.

മഹാഭാരതത്തിലെ കഥയ്ക്ക് ചരിത്രപരമായ അടിസ്ഥാനമുണ്ടെന്ന ധാരണ വളർത്താൻ ഈ ഉൽഖനനങ്ങൾ വഴിതെളിയിച്ചു. ക്രിസ്തുവിനു് ഒമ്പതു മുതൽ പതിനഞ്ചുവരെ ശതാബ്ദങ്ങൾ മുമ്പ് എപ്പോഴോ ആണ് മഹാഭാരതയുദ്ധം നടന്നതെന്ന് ഇപ്പോൾ വിശ്വസിക്കപ്പെടുന്നു.

മഹാഭാരതത്തിനും മുമ്പാണ് രാമായണംകഥ നടന്നതെന്നാണ് ഹിന്ദുക്കളുടെ വിശ്വാസം. വാല്മീകിരാമായണം ഇന്നത്തെ രൂപത്തിൽ ക്രിസ്തുവിനു രണ്ടു നൂററാണ്ടുകൾ മുമ്പുതന്നെ പ്രചരിച്ചുവന്നതായി പണ്ഡിതന്മാർ കരുതുന്നുണ്ട്.

പക്ഷേ, രാമായണകഥയുമായി ബന്ധപ്പെട്ട അയോദ്ധ്യ, ശൃംഗിവേരപുരം, നന്ദിഗ്രാമം, ഭരദ്വാജാശ്രമം മുതലായ സ്ഥലങ്ങളിൽ നടത്തിയ ഉൽഖനനങ്ങൾ ചരിത്രപണ്ഡിതന്മാരെ നിരാശപ്പെടുത്തുകയാണു ചെയ്തതു്. മഹാഭാരതവുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ കാണപ്പെട്ട ചിത്രങ്ങൾ വരച്ച, നരച്ച നിറത്തിലുള്ള മൺപാത്രങ്ങളുടെ കഷണങ്ങളാണ് ഇവിടങ്ങളിൽ ഏററവും അടിയിൽ കാണപ്പെട്ടതു്. ഇവയ്ക്കുമീതെ 'കറുത്തു മിനുത്ത വടക്കൻ മൺപാത്രങ്ങൾ' ഉപയോഗിച്ചിരുന്ന ഒരുകൂട്ടം ആളുകൾ ക്രിസ്തുവിനുമുമ്പ് എട്ടോ ഏഴോ നൂററാണ്ടിൽ ഇവിടങ്ങളിൽ വന്നു പാർപ്പു തുടങ്ങിയതായും വെളിവായി. വാല്മീകി വർണ്ണിക്കുന്ന സമൃദ്ധിയുടെ ഒരു ലക്ഷണവും അയോദ്ധ്യയിൽ കുഴിച്ചുനോക്കിയ പതിന്നാലു സ്ഥലങ്ങളിലും കാണപ്പെട്ടില്ല.

ഇതിൻെറ അർത്ഥമെന്താണ്? ഇന്ത്യയ്ക്കു പുറത്തു് എവിടെയോ നടന്നിരിക്കാവുന്ന സംഭവങ്ങളെ ആസ്പദമാക്കി രചിക്കപ്പെട്ടതായിരിക്കണം

രാമായണം. അതെഴുതുമ്പോൾ, ചരിത്രസംഭവങ്ങളേക്കാളേറെ ഭാവനയെ ആവണം വാല്മീകി അവലംബിച്ചിരിക്കുക. പണ്ടെന്നോ എവിടെയെല്ലാമോ നടന്ന സംഭവങ്ങൾ തനിക്ക് പരിചയമുള്ള സ്ഥലങ്ങളിൽ ആ കവി പ്രതിഷ്ഠിച്ചതായിരിക്കണം.

ബൈബിളിൽ പ്രസ്താവിക്കപ്പെട്ട 'മിതന്നി' രാജാക്കന്മാരിൽ ഒരാളായ 'തുസരത്ത' ആണ് ദശരഥനെന്നും, ഈ രാജാവിന്റെ കുടുംബ പരദേവതയായ 'രമ്മൻ' ആണ് രാമനെന്നും ഒരു ചരിത്രപണ്ഡിതൻ പ്രസ്താവിച്ചിട്ടുണ്ട്. അങ്ങനെയെങ്കിൽ ദശരഥന്റെ സാമ്രാജ്യം ഇറാഖിലോ, തുർക്കിയിലോ മറ്റോ ആയിരുന്നിരിക്കണം. ഈറാനിലുള്ള 'ഹൊരയു' എന്ന നദിയുടെ കരയിലായിരുന്നു രാമജന്മഭൂമിയായ അയോദ്ധ്യ എന്നു മറ്റു ചിലർ കരുതുന്നു. ഇതു ശരിയാണെങ്കിൽ, രാവണൻ വാണ ലങ്കാനഗരം യഥാർത്ഥത്തിൽ സിന്ധിലുള്ള മഹൻജദരോ നഗരം ആയിരുന്നുകൂടേ? അങ്ങനെ വിശ്വസിക്കുന്നവരുമുണ്ട്. ലങ്ക മധ്യപ്രദേശിലോ, ഒറീസ്സയിലോ ഏതോ തടാകമദ്ധ്യത്തിലുണ്ടായിരുന്ന ഒരു ദ്വീപാണെന്ന അഭിപ്രായവും ഇല്ലായ്കയില്ല.

ആകെക്കൂടി, രാമായണവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ ഏതെല്ലാമെന്ന് ഇപ്പോഴും ഭൗതികങ്ങളായ തെളിവുകളുടെ അടിസ്ഥാനത്തിൽ തെളിയിക്കപ്പെട്ടിട്ടില്ല. എന്നാൽ, പഴയ കൗശാംബീനഗരത്തിൽ മണ്ണിന്നടിയിൽനിന്നു കിട്ടിയതും, സീതയെ അപഹരിക്കുന്ന രാവണന്റേതെന്നു കരുതപ്പെടുന്നതുമായ ഒരു ചുടുകളിമൺ(ടെറാകോട്ട)വിഗ്രഹം, ക്രിസ്തു പിറക്കുന്നതിനു രണ്ടു നൂററാണ്ടുകൾ മുമ്പുതന്നെ ഈ പ്രദേശങ്ങളിൽ ഇന്നു നാം അറിയുന്ന രൂപത്തിൽ രാമായണകഥ പ്രചരിച്ചിരുന്നു എന്നതിനു തെളിവായി എടുത്തുകാട്ടപ്പെട്ടിട്ടുണ്ട്.

ചരിത്രപരമായ യാഥാർത്ഥ്യം ഉണ്ടായിരിക്കട്ടെ, ഇല്ലാതിരിക്കട്ടെ— ഉത്തരപ്രദേശിലെ അയോദ്ധ്യയിൽ 'ബാബറീ മസ്ജിദ്' സ്ഥിതിചെയ്യുന്ന ഇടത്തിലാണ് രാമൻ പിറന്നതെന്ന് ഹിന്ദുക്കൾ പൊതുവെ വിശ്വസിക്കുന്നു. ആ സ്ഥലത്തു ചെന്ന് ആരാധിക്കുന്നതിന് അവർ ആഗ്രഹിക്കുന്നപക്ഷം, അതിനു തടസ്സമായി നിൽക്കുവാൻ ഒരു ഗവണ്മെന്റിനും ഏറെനാൾ കഴിയുമെന്നു കരുതിക്കൂടാ.

പ്രശ്നം ചൂടുപിടിക്കാനുള്ള ലക്ഷണങ്ങളാണ് പൊതുവെ കാണുന്നതു്. ചിന്മയാനന്ദസ്വാമിജിയുടെ പത്രസമ്മേളനം നൽകുന്ന സൂചന അതാണ്.

(5 മെയ്, 1985)

## 48. രാമജന്മഭൂമി ഇപ്പോൾ

രാമായണം എന്ന ഇതിഹാസത്തിലെ നായകനായ ശ്രീരാമന്റെ രാജധാനി, ഉത്തർപ്രദേശ് എന്ന് ഇപ്പോൾ അറിയപ്പെടുന്ന സംസ്ഥാനത്തിൽ സരയൂ നദിക്കരയിലുള്ള 'അയോദ്ധ്യ' ആയിരുന്നു. ഈ നഗരത്തിൽ, ശ്രീരാമൻ പിറന്നതായി വിശ്വസിക്കപ്പെട്ടിരുന്ന സ്ഥലത്തു്, വിക്രമാദിത്യൻ എന്ന ചക്രവർത്തി ഒരു ക്ഷേത്രം പണിയിച്ചുവത്രേ. ക്രിസ്തുവിന് അരനൂററാണ്ടെങ്കിലും മുമ്പ് വിക്രമാദിത്യൻ ജീവിച്ചിരുന്നു എന്നാണ് ഇപ്പോൾ കരുതപ്പെടുന്നതു്.

ക്രിസ്തുവർഷം എട്ടാം നൂററാണ്ടിൽ ഹഷ്വർധനൻ എന്ന ചക്രവർത്തിയുടെ മരണത്തിനുശേഷം, ഉത്തരേന്ത്യ പല ചെറു രാജാക്കന്മാരുടെ